Registered No. M-4485 Madras War Review, Malayalam—30-6-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂൺ 30-ാംനു, വെള്ളിയാഴ്ച [ലക്കം 43



## ശത്രുക്കൾ ഒരിക്കലും മറക്കാത്ത പരാജയം

★

**ഡിമാപ്പൂരിക്കും** ഇംഫാലിന്നും ഇടയിലുള്ള റോഡിൽനിന്നും ജാപ്പാൻകാരുടെ ബാധയൊഴിപ്പിച്ച് നമ്മുടെ സൈന്യങ്ങളുടെ ഗതാഗതത്തിന്ന് വീണ്ടും സൌകര്യമാക്കി ചെയ്ത നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. രണ്ടു കൊല്ലം മുമ്പ് പൂർവ്വദേശ രാജ്യങ്ങൾ കീഴടക്കുവാൻവേണ്ടി ചെയ്ത പരിശ്രമങ്ങൾക്ക് ശേഷം ജാപ്പാൻകാർ ഇത്ര ഗുരുതരവും മരണഭീതിരഹിതവുമായ ഒരു പടപുറപ്പാട്ട് നമ്മുടെ നേരെ നടത്തീട്ടില്ല. പക്ഷെ ഇത്തവണ നിങ്ങൾ ശത്രുക്കളെ തടഞ്ഞു നിർത്തിയെന്നുമാത്രമല്ല, വൈമാനിക സഹായംകൊണ്ട് അവരുടെ നേരേ പ്രത്യാക്രമണം ആരംഭിക്കുകയും അവർക്ക് ഒരു കാലത്തും വിസ്മരിക്കാൻ നിവൃത്തിയില്ലാത്തതായ ഒരു പരാജയം വരുത്തിക്കൂട്ടുകയും ചെയ്തു. അവർക്ക് ഇന്ത്യയെ ആക്രമിക്കാനുള്ളാഗ്രഹമുണ്ടായിരുന്നു; ചൈനക്കുള്ള ഗതാഗതം മുടക്കുവാനും മോഹമുണ്ടായിരുന്നു; പുറമെ വടക്കൻ ബർമ്മയിൽ ജനറൽ സ്റ്റിൽവെല്ലിൻെറ കീഴിലുള്ള സൈന്യത്തിൻെറ പുരോഗതി തടയുവാൻവേണ്ടി അവർക്ക് കിട്ടുന്ന സഹായസഹകരണങ്ങളെ മുടക്കുവാനും അവർ ആഗ്രഹിച്ചു.

**നിങ്ങൾ** നേടിയ വിജയം ഈ ആഗ്രഹങ്ങളെയെല്ലാം തടഞ്ഞു. അതിക്രൂരമായ വർഷക്കാലത്തെ വകവെക്കാതെയാണ് നിങ്ങൾ പറന്നതും, മുന്നോട്ടുഗമിച്ചതും, വിജയം നേടിയതും. ഈ പ്രദേശത്തിലെ പ്രകൃതിഭയങ്കരത കണ്ടവർക്കുമാത്രമെ നിങ്ങൾ ചെയ്ത പ്രവൃത്തിയുടെ യോഗ്യത മുഴുവൻ അറിവാൻ സാധിക്കയുള്ളു.

—അഡ്മിറൽ മൌണ്ട്ബാററൻ പ്രഭു

## വിഷയവിവരം


| | ഭാഗം |
|---|---|
| ശത്രുക്കൾ ഒരിക്കലും മറക്കാത്ത പരാജയം .. | 1 |
| മഹദ്വാക്യങ്ങൾ: മിത്ഥ്യയാകയില്ല .. .. | 2 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4 |
| പ്രത്യേക ലേഖനങ്ങൾ: യൂറോപ്പിന്റെ മോചനം, യൂറോപ്പിലെ പൂർവ്വരംഗം, മോഗോങ്ങ്. | 5, 6 |
| യൂറോപ്യൻ ആക്രമണത്തിന്റെ മേപ്പ് .. | 7 |
| കൈവരുത്തും .. .. .. | 8 |
| വ്യക്തിസ്വാതന്ത്ര്യം .. .. .. | 9 |
| സ്ത്രീകളും കടൽപടയും .. .. .. | 10 |
| യുദ്ധവും സാഹിത്യവും .. .. .. | 11 |
| ജപ്പാൻ യുദ്ധം .. .. .. | 12 |


# മഹദ്വാക്യങ്ങൾ: മിത്ഥ്യയാകയില്ല

## ജപ്പാനിൽ ഒരിടത്തും രക്ഷയില്ല

"ജപ്പാനിൽ ഒരിടത്തും ശത്രുക്കളുടെ ആക്രമണത്തിൽനിന്നു് രക്ഷയില്ല. അമേരിക്കൻ വിമാനസൈന്യത്തിന്റെ തോക്കുകൾക്കും ബോംബിന്നും ജപ്പാന്റെ ഏതു് മർമ്മപ്രദേശവും ഇരയാക്കുമാറാണു് പുതുതായി യുദ്ധരംഗത്തിൽ വന്നിട്ടുള്ള ബോംബർ വിമാനങ്ങൾക്കു് ഏതു് ദൂരദേശത്തും പറന്നെത്തുവാനുള്ള പ്രാപ്തി. സൂപ്പർ ഫോർട്ട്റസ്സ് ബോംബർ വിമാനങ്ങൾ ഉണ്ടാക്കുവാനുള്ള പ്ലാൻ തയ്യാറാക്കിയ വിദഗ്ദ്ധ വീരന്മാരും അവയിലേറി സാരഥ്യം വഹിച്ച വൈമാനികന്മാരും ടോക്കിയോവിലേക്കുള്ള ദൂരം ചുരുക്കിയിരിക്കുന്നുവെന്നുതന്നെ പറയാം."

—മി. ഹെൻറി സ്റ്റിംസൺ, അമേരിക്കൻ യുദ്ധമന്ത്രി

❖ ❖ ❖ ❖

## ആരംഭം മാത്രമെ ആയിട്ടുള്ളൂ

"അടുത്ത അവസരത്തിൽ ജപ്പാന്റെ നേരെ അമേരിക്കൻ സൂപ്പർ ഫോട്രസ്സ് വിമാനങ്ങൾ നടത്തിയ ആക്രമണം ഐക്യകക്ഷികൾ ആകാശമാർഗ്ഗമായി ജപ്പാൻകാരുടെ തറവാട്ടിന്റെ നേരെ നടത്തുവാനൊരുക്കം കൂട്ടിവരുന്ന ശക്തിമത്തായ പ്രവർത്തനത്തിന്റെ ആരംഭം മാത്രമാകുന്നു. ജപ്പാനേയും മറ്റു് പൂർവ്വദേശ രാജ്യങ്ങളേയും നേരിട്ടറിയുന്ന എന്നെപ്പോലുള്ളവർക്കു് ജർമ്മനിയെക്കാൾ എത്രയോ നിസ്സഹായിയാണു് ജപ്പാൻ തന്റെ വ്യവസായികകേന്ദ്രങ്ങളെ രക്ഷിക്കുന്ന വിഷയത്തിലെന്നു് നല്ലവണ്ണം അറിയാം. ചെറിയ ദ്വീപുകളുടെ സമൂഹമായ ജപ്പാനിൽ ഒരിടത്തുള്ള വ്യവസായശാലകൾ മറ്റൊരിടത്തേക്കു് നീക്കംചെയ്തു ശത്രുക്കളുടെ വിമാനപ്രവർത്തനങ്ങളിൽനിന്നു് അവയെ രക്ഷിക്കാൻ സാദ്ധ്യമല്ല."

—അഡ്മിറൽ ഹാരി യാർണൽ

❖ ❖ ❖ ❖

## വിജയത്തിന്റെ പ്രകാശമായി

"കാലഗതിയുടെ നിമ്നോന്നതങ്ങളെ നമ്മുടെ ജനത വേണ്ടുവോളം അറിഞ്ഞിരിക്കുന്നു; ഒരു കുണ്ടിൽനിന്നു് കയറി ഉപരിഭാഗത്തെത്തുവാനുള്ള കഷ്ടപ്പാടു് എത്രയുണ്ടെന്നും അവർ അറിഞ്ഞിട്ടുണ്ടു്. എന്നാൽ വിജയ സൂര്യന്റെ പ്രഭാതകാലമായി; നവജീവന്റെ ശോഭയും കണ്ടുതുടങ്ങി. ദുഃഖഗർഭമായ ശ്മശാനങ്ങളിലും തീവ്രവേദന കൊള്ളുന്ന ഹൃദയങ്ങളിലുമാണു് ഈ ഉദയം ഉണ്ടാകാൻ പോകുന്നതെങ്കിലും, ലോകത്തിന്നു് മുൻകാലങ്ങളിൽ ഉപകരിച്ചതിലും ഉപരിയായി ഈ ഘട്ടത്തിൽ ഫ്രാൻസ് ലോകത്തിന്നുപയോഗപ്രദമായിരിക്കും."

—ജനറൽ ഡിഗാൾ

## ആഴ്ചക്കുറിപ്പുകൾ

റഷ്യ നല്ല മുഹൂർത്തത്തിൽ ജർമ്മനിയുടെ നേരെയുള്ളാക്രമണം ആരംഭിച്ചിരിക്കുന്നു. ജൂൺ 22-ാം തിയ്യതിയായിരുന്നു ഈ മുഹൂർത്തം. മൂന്നു കൊല്ലം മുമ്പു, 1941 ജൂൺ 22-ാം തിയ്യതിയാണ് ജർമ്മനി റഷ്യയെ ആദ്യമായി ആക്രമിച്ചതു്. അന്നു ഹിററ്ലർ ചെയ്ത സാഹസകൃത്യം തടഞ്ഞു ഇതുവരെ തങ്ങളുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യം ധീരധീരം നിലനിർത്തിപ്പോന്ന റഷ്യക്കു ജൂൺ 22-ാം തിയ്യതി ഒരു സുദിനമാകാനല്ലേ തരമുള്ളൂ. അതാണ് ഈ മാസം 22-ാം തിയ്യതി റഷ്യ ജർമ്മനിയുടെ നേരെയുള്ളാക്രമണം ആരംഭിക്കാനുള്ള കാരണം. എന്നാൽ എല്ലാവരും പ്രതീക്ഷിച്ചിരുന്ന ഖണ്ഡത്തിലല്ല ഇപ്പോൾ ആരംഭിച്ച യുദ്ധം തുടങ്ങിയതു്. റുമേനിയായിൽകൂടിയൊ പോളണ്ടിൽകൂടിയൊ ആയിരിക്കും ജർമ്മനിക്കു നേരെയുള്ള റഷ്യയുടെ കയററമെന്നായിരുന്നു പ്രതീക്ഷ. പക്ഷെ ഇപ്പോൾ യുദ്ധം ആരംഭിച്ചതു വൈററ് റഷ്യൻ ഖണ്ഡത്തിൽ വിറേറബ്സ്ക് എന്ന നഗരിക്കടുത്തുവെച്ചാണ്. ഇതു റഷ്യൻ യുദ്ധരംഗത്തിന്റെ മദ്ധ്യഖണ്ഡമായിട്ടാണ് കരുതിവരുന്നതു്. ഈ ഖണ്ഡത്തിൽ വളരെ ശക്തിമത്തായ ഒരു ജർമ്മൻ സൈന്യകേന്ദ്രമാണ് വിറേറബ്സ്ക്. വിറേറബ്സ്ക് മോസ്കോവിന്നു വളരെ അടുത്ത പ്രദേശമാണെന്നുള്ളപോലെത്തന്നെയാണ് ബർലിനിലേക്കും ഇതിൽകൂടിയുള്ള വഴിയാണ് കുറുക്കുവഴി.

### ചർബർഗ്

ചർബർഗ് നഗരിയിൽ അമേരിക്കൻ സൈന്യത്തിന്നു ഈയാഴ്ചയിലുണ്ടായ വിജയം തീർച്ചയായും രണ്ടാം യുദ്ധരംഗത്തിന്റെ ഭാവിയെ കുറിക്കുന്നതായി കരുതാം. ഐക്യകക്ഷി സൈന്യങ്ങൾ യൂറോപ്പിന്റെ പടിഞ്ഞാറെ തീരത്തു ചെന്നിറങ്ങിയതിന്നുശേഷം ആദ്യമായി അവർക്കുണ്ടായ വമ്പിച്ച ഒരു വിജയമാണിതു്. ജർമ്മൻ സൈന്യം ഇവിടെ വെച്ചു് കാട്ടിയ പരാക്രമങ്ങളും ചരിത്രപ്രസിദ്ധമായിട്ടുണ്ടു്. അവരുടെ സൈന്യനേതാക്കന്മാർ തന്നെ പലരും ഈ രംഗത്തിൽവെച്ചു് മരിക്കുകയുണ്ടായി. ചേർബർഗ് യുദ്ധം യൂറോപ്പിൽ ഐക്യകക്ഷികളുടെ സൈന്യങ്ങൾക്കു നേരിടാനുള്ള പ്രതിരോധത്തിന്റെ ശക്തിയും ഐക്യകക്ഷികളുടെ ഒരുക്കങ്ങളുടെ ഗുരുലഘുത്വങ്ങളും വേണ്ടപോലെ വെളിവാക്കുന്നുണ്ടു്.

### ഇംഫാൽ റോഡ് തുറന്നുകഴിഞ്ഞു

ഇംഫാൽ മുതൽ കൊഹിമവരെ തൊണ്ണൂറു നാഴിക നീളത്തിലുള്ള ഡിമാപ്പൂർ റോഡിന്റെ ഖണ്ഡം ജാപ്പാൻകാരുടെ അധീനത്തിൽ വന്നതിന്നുശേഷം ഇംഫാൽനഗരി ലോക



ഡോമിനിയ മന്ത്രിമാർ കരാറ് ഒപ്പിടുന്നു. മദ്ധ്യത്തിൽ ഇരിക്കുന്നതു ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ചർച്ചിൽ ആണ്



അഡ്മിറൽ സേർ ബർട്രാം റാംസേ: ഐക്യകക്ഷി സൈന്യങ്ങളുടെ നാവിക സൈന്യനായകൻ

ത്തിനോട്ട യാതൊരു ബന്ധവുമില്ലാത്ത നിലയിലായിരുന്നു വർത്തിച്ചിരുന്നത്. ഇങ്ങിനെയായിട്ട് മൂന്നു മാസത്തോളമായിരുന്നു. ഇംഫാൽ മൈതാനത്തിൽ സ്ഥിതിചെയ്തിരുന്ന ബ്രിട്ടീഷുസൈന്യങ്ങൾക്കു ആകാശമാർഗ്ഗമായിട്ടാണ് സഹായസഹകരണങ്ങൾ എത്തിച്ചിരുന്നത്. ഇപ്പോൾ ഇംഫാൽ-കൊഹിമ റോഡിൽ നിന്ന് ജാപ്പാൻകാരുടെ ഉപദ്രവം തീരെ ഇല്ലാതാക്കിയതിനാൽ ഇംഫാൽ നഗരിയുടെ ബന്ധനസ്ഥിതി വിട്ട്, പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു. ജാപ്പാൻകാർക്ക് ഇന്ത്യയെ ആക്രമിക്കാനുള്ള പ്ലാനിന്റെ തറക്കല്ല് പുഴക്കിയപോലെയാണ് ഐക്യകക്ഷികളുടെ ഈ വിജയം. എന്നാൽ ആസ്സാം-ബർമ്മാ അതൃത്തിപ്രദേശത്തുനിന്നു ജപ്പാൻകാർ തീരെ ഒഴിച്ചുപോയിയെന്ന് കരുതാവുന്ന ഘട്ടമായിട്ടില്ലതാനും. ഇംഫാലിന്റെ തെക്കുവശം ബിഷ്ണൻപൂരി ഖണ്ഡത്തിൽ ജാപ്പാൻകാർക്കു ഇപ്പോഴും കുറെ സ്വാധീനമുണ്ട്. ഏതുകാലത്തും ഗതാഗതസൌകര്യമുള്ള പാലേൽ-ടാമു റോഡും ജാപ്പ് സൈന്യത്തിന്റെ കൈവശമാണ്.

## ശാന്തസമുദ്ര രംഗം

മാരിയാനാ ദ്വീപുകളിൽ അമേരിക്കൻ സൈന്യങ്ങൾ ചെന്നിറങ്ങി സങ്കേതങ്ങൾ സ്ഥാപിച്ചത് ജാപ്പാൻകാരെ അത്യന്തം വിഷമിപ്പിച്ചിരിക്കുന്നു. പലവിധത്തിലും അമേരിക്കൻ സൈന്യത്തെ അവിടെനിന്നോടിക്കുവാൻ അവർ ശ്രമിച്ചുവെങ്കിലും അവയെല്ലാം ജാപ്പാൻകാർക്കു വലുതായ നഷ്ടകഷ്ടങ്ങൾ ഉണ്ടാക്കിത്തീർക്കുകയാണ് ചെയ്തത്. ജാപ്പാൻ വിമാനപ്പട വന്നു അതിഗംഭീരമായി ചെറുത്തുവെങ്കിലും അറനൂറിൽപരം വിമാനങ്ങൾ നശിച്ചു ബാക്കിയുള്ളവർ ഓടിപ്പോകയാണുണ്ടായത്. എന്നിട്ടും ജാപ്പാൻകാർ അവരുടെ പരിശ്രമങ്ങൾ വേണ്ടെന്നുവെച്ചില്ല. രണ്ടു കൊല്ലമായി ചെത്തവും ചൂരും ഏൽക്കാത്ത ജാപ്പാൻ കടൽപട ഒളിവിൽനിന്ന് പുറത്തുവന്ന് അമേരിക്കൻ കടൽപടയോടു ഏറ്റുമുട്ടി. ഒടുവിൽ അനവധി ജാപ്പാൻ കപ്പലുകൾ നശിച്ചു ശേഷമുള്ളവ പമ്പകടക്കുകയാണത്രെ ചെയ്തത്. ഗൌരവമായ ഒരു, യുദ്ധത്തിന്ന് അവർ ഒരുങ്ങിയില്ലല്ലോ എന്നാണ് പ്രസിഡെണ്ട് റൂസ്‌വെൽട്ടിന്റെ ഇച്ഛാഭംഗം.

## ചാങ്ഷാ

സർവ്വരംഗങ്ങളിലും പരാജയം നേരിട്ട് പരിഭ്രമിച്ചിരിക്കുന്ന ജാപ്പാന് തെക്കൻ ചൈനയിൽ ഒരു വമ്പിച്ച വിജയം ഉണ്ടായിട്ടുണ്ട്. ഹുനാൻ സംസ്ഥാനത്തിന്റെ തലസ്ഥാന നഗരിയായ ചാങ്ഷാ അവർ ചൈനക്കാരുടെ പക്കൽനിന്ന് പിടിച്ചിരിക്കുന്നു. ഈ വിജയം ഇന്നത്തെ സ്ഥിതിക്ക് അല്പമായിട്ടുള്ളതല്ലതാനും. തെക്കൻ ചൈനയിൽ താവളങ്ങളുറപ്പിച്ചു ജാപ്പാന്റെ തറവാട്ടുവക നാലുകെട്ടു തകർക്കുവാനുള്ള പ്ലാൻ ഐക്യകക്ഷികൾ ഇട്ടുകൊണ്ടുവരുമ്പോഴാണ് ജാപ്പാൻ ഇങ്ങിനെ ഒരു വിജയം നേടിട്ടുള്ളത്. ഈ വിജയംകൊണ്ട് ഹാങ്കോ-കാൻറൺ റെയിൽവെ മുഴുവൻ ജാപ്പാൻകാർക്കു അധീനമായിരിക്കുന്നു. ചാങ്ഷാ നഗരി പിടിച്ചതിന്നുശേഷം ആറു ഡിവിഷ്യൻ ജാപ്പാൻ സൈന്യം ചൈനയുടെ വിമാനസങ്കേതമായ ഹെങ്‌യാങ്ങിലേക്ക് യാത്ര ആരംഭിച്ചിരിക്കുന്നു. ഈ വിമാനത്താവളം ചാങ്ഷാക്ക് നേരെ തെക്കാണ്.



ഇംഫാലിലെ കാഴ്ചകൾ: ഉക്രൂൽറോഡിൽ ജാപ്പാൻകാർ മൈനുകൾ ഇട്ടുനിറച്ചിരുന്നതിനെ കളഞ്ഞതിന്നുശേഷമാണ് നമ്മുടെ സൈന്യങ്ങൾ ആ വഴിക്കു പോകുന്നത്. മൈനുകൾ എടുത്തുകളയുന്നത്.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജൂൺ 30-ാംനു, വെള്ളിയാഴ്ച

## യൂറോപ്പിൻെറ മോചനം

ഐക്യകക്ഷികൾ യൂറോപ്പിൻെറ മോചനത്തിന്നു വേണ്ടി ആരംഭിച്ച പുതിയ യുദ്ധരംഗ പ്രവർത്തനത്തിൻെറ രണ്ടാമത്തെ പദ്ധതി ചെർബർഗ് നഗരിയുടെ മോചനത്തോടുകൂടി കഴിഞ്ഞുവെന്നാണ് ഐക്യകക്ഷി സർവ്വസൈന്യാധിപനായ ജനറൽ ഐസ്നോവർ പ്രസ്താവിച്ചത്. അമേരിക്കൻ സൈന്യങ്ങൾക്കു ചെർബർഗിലെ ജർമ്മൻ സൈന്യനായകനായ ലഫ്ടനെൻറ് ജനറൽ കാൾവോൺ സ്ലീബൻ ജൂൺ 26-ാം തിയ്യതി രാത്രി ആയുധം വെച്ച് കിഴടങ്ങിയവരേക്കുമുള്ള ഇരിപത് ദിവസത്തെ യുദ്ധം കൊണ്ട് ഐക്യകക്ഷികൾ യൂറോപ്യൻ വൻകരയിൽ ദൃഢമായ ഒരു സങ്കേതം സ്ഥാപിക്കുകയും, ഒന്നാന്തരം ഒരു തുറമുഖം കൈവശപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഐക്യകക്ഷികളുടെ കൈവശം ഇപ്പോൾ കൊട്ടൻറിൻ അർദ്ധദ്വീപു മുഴുവനും ഒരു വമ്പിച്ച തുറമുഖവുമാണ് കിട്ടിയിരിക്കുന്നതെന്നും മേലാൽ യൂറോപ്യൻ വൻകരയിലേക്കു ബ്രിട്ടനിൽനിന്ന് സൈന്യങ്ങളെ നിഷ്പ്രയാസം കൊണ്ടുവന്നിറക്കുവാൻ യാതൊരു ക്ലേശവും ഉണ്ടാകാനിടയില്ലെന്നും കാണുമ്പോൾ ഹിററ്ലറുടെ കൊട്ടയുടെനേരെയുള്ള ആക്രമണത്തിൻെറ ഫലമായി തീർച്ചയായും, മി. ചർച്ചിൽ പറഞ്ഞതുപോലെ, വരുന്ന വേനലോടുകൂടി വിജയവും വരുന്നതായിരിക്കും. ആരംഭമായിട്ടേ ഉള്ളുവെങ്കിലും ചെർബർഗ് വിജയം ശത്രുവിൻെറ തടിക്ക് തട്ടുമാറുള്ളതാണെന്നും സംശയമില്ല. നാലു ഡിവിഷൻ ഒന്നാന്തരം ജർമ്മൻ സൈന്യത്തിൽ അല്പം ചിലതു മാത്രമെ ഈ യുദ്ധത്തിൽ അവശേഷിച്ചിട്ടുള്ളുവത്രെ. ഒരു സൈന്യനായകൻ കീഴടങ്ങുകയും, രണ്ടു സൈന്യനായകന്മാർ മരിക്കുകയും ചെയ്തിരിക്കുന്നു. ചെർബർഗ് സംഭവം ശത്രുക്കളുടെ തടിക്ക് തട്ടുന്ന പരാജയമായിയെന്നുമാത്രമല്ല, ഐക്യകക്ഷികളുടെ പ്ലാൻ അവിശ്രാന്തമായി നടക്കുകയും ചെയ്യുന്നു. ജനറൽ ബ്രാഡ്ലിയും അമേരിക്കൻ സൈന്യങ്ങളും ചെർബർഗിലെ പോരവസാനിപ്പിച്ചതും, ജനറൽ മണ്ട്ഗോമറിയും തൻെറ ബ്രിട്ടീഷ്, കനേഡിയൻ സൈന്യങ്ങളും ഏഴ് നാഴികയിൽ കുറയാതെയുള്ള ഒരു രംഗത്തിൽ പുരോഗതിയാരംഭിച്ചിരിക്കുന്നു. ഈ രംഗത്തിന്ന് ടില്ലി-കെയൻ രംഗമെന്നാണ് പറയുന്നത്. ജനറൽ മണ്ട്ഗോമറി തുടങ്ങിയ പ്രവർത്തനം അവസാനിച്ചാൽ നോർമാണ്ഡി എന്ന പേരുള്ള ഫ്രാൻസിൻെറ ഒരു വലിയ വിഭാഗം ഐക്യകക്ഷികളുടെ കൈവശമായി. ഐക്യകക്ഷികൾ ഈ വിധം എതിരില്ലാതെയും നിർഭയമായും പുരോഗതി പ്രാപിക്കുന്ന സമയം ഫ്രാൻസിലെ ദേശഭക്തന്മാരുടെ പ്രവർത്തനങ്ങളും ഗൌരവമായി നടക്കുന്നു. ഫ്രാൻസിൽ പലേടങ്ങളിലും അവർ റെയിലുകൾ പൊളിച്ചും മററുവിധത്തിലും ഇന്നത്തെ ഭരണത്തിന്ന് നാശനഷ്ടങ്ങൾ ചെയ്തുവരുന്നു. ചുരുക്കത്തിൽ, ഹിററ്ലരുടെ യൂറോപ്യൻ കോട്ടയുടെ പടിഞ്ഞാറെ മതിൽക്കെട്ട് തകരുന്ന ശബ്ദത്തിൻെറ പ്രതിദ്ധ്വനി ലോകം മുഴുവൻ നിറയുന്നുണ്ട്.

## യൂറോപ്പിലെ പൂർവ്വരംഗം

വിറേറബ്സ്ക് നഗരിയിൽവെച്ച് ജർമ്മൻ സൈന്യത്തിന്നു പററിയ പരാജയം യൂറോപ്പിലെ പൂർവ്വരംഗമായ റഷ്യൻരംഗത്തെ മുഴുവൻ ബാധിക്കുവാൻ പ്രാപ്തിയുള്ളതാണ്. വിറേറബ്സ്ക് കിഴക്കൻ രംഗത്തിൽ അത്ര ഗണ്യമായ ഒരു മർമ്മസ്ഥാനമാണ് ജർമ്മൻ സൈന്യത്തിന്നെന്നായി ഒരു പത്രപ്രതിനിധി പ്രസ്താവിച്ചിരിക്കുന്നു. ഈ പരാജയം ജർമ്മൻ സൈന്യത്തിന്ന് വരുത്തി റഷ്യൻ സൈന്യം ഇപ്പോൾ നാല്പതു നാഴികയോളം പടിഞ്ഞാറോട്ട് കടന്നെത്തിയിരിക്കുന്നുവത്രെ. റഷ്യൻ സൈന്യത്തിൻെറ നേട്ടങ്ങളിൽ മറെറാരു മഹാ വിജയമാണ് ഉടനെത്തന്നെ ഓർഷയിലും മോലിലേവിലും വെച്ചുണ്ടായത്. ഓർഷ വൈററ് റഷ്യയുടെ തലസ്ഥാനനഗരിയായ മിൻസ്കിനെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു ജർമ്മൻ സൈന്യകേന്ദ്രവും ഒരു പ്രധാന റെയിൽവേ ജങ്ക്ഷനുമാകുന്നു. ഈവക വമ്പിച്ച വിജയങ്ങൾ മേല്ക്കുമേൽ വന്നുകൊണ്ടിരിക്കുമ്പോൾ ബൊബ്രൂസ്ക്, മുതലായ സ്ഥലങ്ങളിൽ ജർമ്മൻ സൈന്യം മരണഭയമില്ലാതെയാണ് റഷ്യൻ സൈന്യത്തെ നേരിടുന്നത്. റഷ്യ ഇത്തവണ ആരംഭിച്ചതായ ആക്രമണം ജർമ്മനിയുടെ കാലാവധി തീർച്ചയായും കുറിക്കുന്നു. സൈന്യങ്ങ

ളെല്ലാം പുതിയതു്; സൈന്യനായകന്മാരും, ആയുധങ്ങളും പുതിയതു്; യുദ്ധതന്ത്രവും രീതിയുമാണെങ്കിൽ അവയും ഏററവും പുതിയവയാണെന്നാണു് കേൾക്കുന്നതു്. ഫിൻലാണ്ടിലെ രംഗത്തിൽനിന്നു് ജർമ്മൻകാർ ഹെൽസിങ്കിയിൽ പ്രവേശിച്ചുവെന്നല്ലാതെ മററു് യാതൊന്നും രണ്ടു ദിവസമായി കേൾക്കാനില്ല. അവിടെയും അവസാനഘട്ടമായിയെന്നാണു് വിചാരിക്കേണ്ടതു്. ഫിൻലാണ്ടിൻെറ മർമ്മപ്രദേശമായ ഹെൽസിങ്കിയിലേക്കു് ഇനി അധികമൊന്നും വഴിയില്ലെന്നു് റഷ്യൻ സൈന്യത്തിൻെറ പുരോഗതിയെക്കുറിച്ചു് ഒടുവിൽ കിട്ടിയ കമ്പിവർത്തമാനം കൊണ്ടറിയുന്നു.

## മോഗോങ്ങ്

ഐക്യകക്ഷികൾക്കു സർവ്വോപരി വിജയമാണെന്നുള്ള വാർത്തയിലും അധികം സമാധാനപരമായി മറെറാന്താണുള്ളതു്. യൂറോപ്പിലേക്കാൾ ഒട്ടും അപ്രധാനമല്ല ജാപ്പാൻ രംഗത്തിലും ഐക്യകക്ഷികളുടെ വിജയനേട്ടങ്ങൾ. ഇന്ത്യയിൽ ഒരേടത്തും ജാപ്പാൻകാർ ഇപ്പോൾ ഇല്ലെന്നുമാത്രമല്ല, ഇന്ത്യയെ ജാപ്പാൻസൈന്യം ആക്രമിച്ചേക്കുമോ എന്നുള്ള ഭയം കൂടി ഇപ്പോൾ തീരെ ഇല്ലാതായിരിക്കുന്നു. നാട്ടുരാജ്യമായ മണിപ്പുരിൽ ജാപ്പാൻകാർ കുറച്ചുള്ളതിനെ നശിപ്പിച്ചുകൊണ്ടാണു് പ്രസ്തുത രംഗത്തിൽ ഐക്യകക്ഷികൾക്കു ലഭിക്കുന്ന പുരോഗതി. അതേ അവസരത്തിൽ കഴിഞ്ഞ 26-ാം തിയ്യതി വടക്കൻ ബർമ്മ രംഗത്തിൽ ജനറൽ സ്റ്റിൽവെല്ലിൻെറ നേതൃത്വത്തിലുള്ള 38-ാം ഡിവിഷ്യൻ ചൈനീസ് സൈന്യവും ചിൻറിററ് സൈന്യവും കൂടി മോഗോങ്ങ് നഗരി ജാപ്പാൻകാരുടെ വക്കൽനിന്നു കൈവശപ്പെടുത്തിയിരിക്കുന്നു. മൂന്നു ദിവസത്തെ ഭയങ്കര യുദ്ധം കൊണ്ടാണു് ഈ സ്ഥലം കൈവശപ്പെടുത്തിയതു്. ഹുക്കോങ്ങ് താഴ്‌വര പ്രദേശത്തും മോഗോങ്ങ് താഴ്‌വരയിലും ഐക്യകക്ഷി സൈന്യങ്ങൾ ജാപ്പാൻകാരുടെ നേരെ പ്രത്യാക്രമണം നടത്തിയിരുന്നവസരങ്ങളിലെല്ലാം മോഗോങ്ങ് നഗരിയായിരുന്നു ജാപ്പാൻ സൈന്യത്തിന്നുള്ള യുദ്ധോപകരണക്കലവറ. മോഗോങ്ങ് മദ്ധ്യ ബർമ്മയിലേക്കുള്ള പടിവാതിലാണു്. ഈ നഗരി കൈവശം വന്നതിനാൽ എഴുപതു് നാഴിക നീളത്തിൽ കിടക്കുന്ന മോഗോങ്ങ് താഴ്‌വര ജനറൽ സ്റ്റിൽവെല്ലിൻെറ കീഴിലുള്ള സൈന്യങ്ങൾക്കധീനമായി. ഈ താഴ്‌വരയിൽ തന്നെയുള്ള കമേയിങ്ങും ഒരാഴ്ച മുമ്പു് ഐക്യകക്ഷി സൈന്യങ്ങൾ പിടിച്ചിരിക്കുന്നു. വടക്കൻ ബർമ്മയിലുള്ള പ്രവർത്തനങ്ങൾ ജനറൽ സ്റ്റിൽവെൽ ആരംഭിച്ചിട്ടു ഇപ്പോൾ എട്ടു മാസമായി. ബർമ്മയെ പിടിക്കുവാനായി വടക്കുനിന്നു് ആരംഭിച്ച ഒരുദ്യമമാണിതു്. ആദ്യം ടാറൊ താഴ്‌വരയും പിന്നീടു ഹുക്കോങ്ങ് താഴ്‌വരയും പിടിച്ചു് ഇപ്പോൾ മോഗോങ്ങ് താഴ്‌വരയും ജനറൽ സ്റ്റിൽവെല്ലിൻെറ കയ്വശമായി. വടക്കു കിടപ്പുള്ള മിത്ത്ക്യാനാ പട്ടണത്തെ ബർമ്മയുടെ ഏററവും തെക്കു കിടപ്പുള്ള മാണ്ഡലയോടു ഘടിപ്പിക്കുന്ന പഴയ റെയിൽവെ മോഗോങ്ങ് പട്ടണത്തിൽക്കൂടെയാണു് പോകുന്നതു്. വടക്കൻ ബർമ്മയിൽ ശത്രുക്കൾക്കുണ്ടായിരുന്ന സൈന്യ സങ്കേതങ്ങളിലേക്കു് ഈ റെയിൽവെ മാർഗ്ഗമായിട്ടായിരുന്നു ഉപകരണങ്ങൾ പിരിമുറിയാതെ എത്തിച്ചിരുന്നതെന്നും പ്രത്യേകം പ്രസ്താവ്യമാണു്.

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

## 252-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു



ഐക്യകക്ഷികൾ യൂറോപ്പിൽ പുതുതായി തുടങ്ങിയ ആക്രമണത്തിന്റെ ഭൂപടം



# കൈവരുത്തും


(ഗാഥ)

(ലാൻസ് നായിക് ശ്രീ അപ്പുക്കുട്ടൻ നായർ)

വീര്യവും ശൌര്യവുമാത്മാഭിമാനവും
ധൈര്യവുമാർന്നുള്ളോരല്ലീ ഞങ്ങൾ !
കേരളപ്പോർവീര രക്തത്തിളപ്പതിൻ-
വീര്യത്തിലുത്ഭൂതമായോരല്ലീ !
വീരസന്താനങ്ങൾ, ധീരയോദ്ധാക്കളാം
ക്രൂര രിപുകുലമട്ടിതർ നാം.
ബ്രിട്ടീഷു ചെങ്കോലിൻ ഛായയിൽ കൂടവേ-
ശ്ലിഷ്ടതയാർന്നെങ്ങൾ സഞ്ചരിക്കെ,
ധർമ്മത്തിൻ-ന്യായത്തിൻ-സാമ്രാട്ടാം രാജന-
ദ്ധാർമ്മികൻ തൻകീഴിൽ ഞങ്ങൾ വാഴ്കെ
അക്കുളിവർഗ്ഗ്യരാം ശത്രുവൃന്ദങ്ങൾ തൻ-
പേക്കൂത്തിവിടെ ഫലിക്കയില്ല.
പോർക്കളം തന്നിലേക്കോടിക്കയറുവാൻ,
തക്കത്തിൽ ശത്രുവേ വെട്ടിവീഴ്ത്താൻ
കെല്പെഴും ഹസ്തങ്ങൾ കാരുണ്യമോടിദം-
ചില്പരൻ നമ്മൾക്കു തന്നിരിക്കെ

ധിക്കൃതചിത്തരാം ശത്രുസമൂഹത്തെ-
യുൽക്കടാമോദമൊടുക്കണം നാം.
നമ്മുടെ നിസ്സ്വാർത്ഥസേവനമിമ്മട്ടിൽ-
പ്പൊങ്ങിവളർന്നു വിളങ്ങീടവേ ;
എത്ര വൻത്യാഗങ്ങൾ, എത്രകഷ്ടങ്ങളും,
എത്രയോ സാഹസ കൃത്യങ്ങളും,
ജീവനെത്തന്നെയും വിസ്മരിച്ചിന്നനാ-
മാവിജയാപ്തിയെ ലാക്കുവെച്ചാൽ
കർമ്മവിശുദ്ധരാമുത്സാഹബദ്ധർ നാം
ധർമ്മവിജയത്തെ കൈവരുത്തും.

ഭാവിയിലിന്ത്യതൻ സൌഭാഗ്യ സമ്പൂർണ്ണ-
ജീവിതം സത്വരം കൈവരുത്താൻ,
അന്യായമായുള്ള ധർമ്മകാപട്യങ്ങൾ
മന്നിടം തന്നിൽ നിന്നാട്ടിയോട്ടാൻ,
ദേവൻ, ജഗൽശക്തി കാരുണ്യമേകട്ടെ !
ഭാവുകം മേലിൽ വിളങ്ങീടട്ടെ !



ഇന്ത്യൻ കടൽപടയുടെ പ്രവർത്തനങ്ങളിൽ
സ്ത്രീകളും പങ്കു് കൊള്ളുന്നു.

# മാനറീം ലൈൻ

കാലചക്രത്തിൻ പ്രഭാവംകൊണ്ടു മനുഷ്യസമുദായത്തിന്റെ ചരിത്രത്തിന്നു് ഒരാവർത്തന രീതിയുണ്ടു് ; എന്നാൽ ഫിൻലാണ്ടിൽ കാൺമാനിടവന്നപോലെയുള്ള ആവർത്തനം മറെറവിടേയും കേട്ടിട്ടില്ല.

നാലുകൊല്ലം മുമ്പു കരീലിയൻ കരയിടുക്കിനെ വിലങ്ങടിച്ചു ഫിൻലാണ്ടു് ഉൾക്കടൽ മുതൽ കിഴക്കോട്ടു ലഡോഗാ തടാകം വരെ കിടപ്പുള്ള മാനറീം ലൈനിനെ പതിനെട്ടു റഷ്യൻ സൈന്യ ഡിവിഷ്യൻ ചേർന്നാക്രമിച്ചുകൊണ്ടാണു് അടിച്ചുതകർത്തതു്. അന്നു് യാതൊരു പ്രസിദ്ധിയുമില്ലാത്ത ഒരു റഷ്യൻ യുവാവു്, ജനറൽ ഗോവ്റോവായിരുന്നു സൈന്യനായകൻ. ആദ്യത്തെ രണ്ടു സൈന്യ രക്ഷാ അണികളിൽനിന്നും പിൻമാറി, മൂന്നാമത്തെ രക്ഷാ അണിയിൽ അടിയുറപ്പിച്ചു മൂന്നാഴ്ചയോളം മുന്നോട്ടു തള്ളിവരുന്ന ഭയാനക റഷ്യൻ സൈന്യശക്തിയെ തടുത്തുനിർത്തിയതിന്നുശേഷമാണു് ഫിൻലാണ്ടിന്റെ ധീരയോദ്ധാക്കൾ കീഴടങ്ങി യുദ്ധം അവസാനിച്ചതു്.

കഴിഞ്ഞാഴ്ച മേൽപറഞ്ഞ റഷ്യൻ സൈന്യനേതാവുതന്നെയായിരുന്നു മാനറീം ലൈനിന്റെ രക്ഷാ അണികൾ രണ്ടാമതും തകർത്തതു്. കരീലിയൻ കരയിടുക്കിൽനിന്നു ഫിൻലാണ്ടിന്റെ സൈന്യം പിൻവലിക്കുകയും റഷ്യൻസൈന്യം വിബോർഗ് നഗരി പിടിക്കുകയും ചെയ്തിരിക്കുന്നു. ഇത്തവണ ഈ യുദ്ധം അവസാനിക്കാൻ എത്ര കാലം വേണ്ടിവരുമോ, ആവോ ?

ആദ്യം കഴിഞ്ഞ യുദ്ധത്തിൽതന്നെ വിബോർഗ് തവിടുപൊടിയായിരുന്നു. ഫിൻലാണ്ടിലെ മൂന്നാമത്തെ പ്രധാന നഗരിയാണെന്നുള്ള മഹിമമാത്രമല്ലാ വിബോർഗിന്നുള്ളതു്. അതിഗംഭീരമായ മരക്കച്ചവടം നടക്കുന്ന ഒരു കേന്ദ്രവുമണിതു്. യുദ്ധം തുടങ്ങുന്നതിന്നുമുമ്പു ഇവിടെ സുമാറ് 80,000 ആളുകൾ അധിവസിച്ചിരുന്നു.

# വ്യക്തിസ്വാതന്ത്ര്യം

(ആർ. ഗാലിററി, ഐ.സി.എസ്)

ഒരാകാശവാണി പ്രസംഗത്തിൽനിന്ന്

സ്വാതന്ത്ര്യം എന്നു പറയുന്നതു് വെറും ഒരു ശബ്ദാലങ്കാര പ്രയോഗമല്ല; വെറും ചിന്താവിഷയവും മാത്രമല്ല. മനുഷ്യന്റെ ദൃഢമായ ചില അവകാശക്രമത്തെക്കുറിക്കുന്ന ഒരു അർത്ഥഗർഭമായ പദമാകുന്നു. ഈ അവകാശങ്ങളെ മനുഷ്യൻ എങ്ങിനെയാണ് പ്രയോഗിക്കുന്നതു്? സ്വന്തം നിലക്കും ഒരു സമുദായവ്യക്തിയുടെ നിലക്കും, രാഷ്ട്രീയജീവിതത്തിലും ഉള്ള കാര്യങ്ങളെക്കുറിച്ചു് വേണ്ടപോലെ ചിന്തചെയ്യും അതനുസരിച്ചു് കർമ്മിച്ചുമാണ് ഈ അവകാശങ്ങളെ മനുഷ്യൻ കർമ്മപദ്ധതിയിൽ കൊണ്ടുവരുന്നതു്. ഈ അവകാശങ്ങളുടെ ഓരോ വിധത്തിലുള്ള കൂട്ടു കൊണ്ടു് തൃപ്തികരമായ ഒരു സ്വാതന്ത്ര്യപദ്ധതി രൂപീകരിക്കാം. ഓരോ കൂട്ടും മറെറാന്നിനെപ്പോലെയാകേണമെന്നില്ല; അങ്ങിനെയാവുകയുമില്ല. ഒരു സമുദായത്തിന്നു പററുന്ന അവകാശക്കൂട്ടങ്ങൾ മറെറാന്നിന്നു പററേണമെന്നില്ലതാനും.

ഒരവകാശപദ്ധതി രണ്ടു വിധത്തിൽ തൃപ്തികരമാണെന്നു പറയാവുന്നതാണ്. ഒരുപക്ഷെ ഒരു സമുദായത്തിലെ വ്യക്തികൾ അതു നല്ലതാണെന്നു കരുതുന്നുണ്ടെങ്കിൽ തൃപ്തികരമാവാം. അല്ലാത്തപക്ഷം ബുദ്ധിയുള്ളവരുടെ അഭിപ്രായത്തിൽ അതു് കൊള്ളുന്നതായിരിക്കണം. ജനങ്ങളിൽ ഓരോരുത്തനും സ്വതന്ത്രനാണെന്നു തോന്നുന്നപക്ഷം അവർ സ്വതന്ത്രരാണ്. അവരുടെ സ്വാതന്ത്ര്യബോധം കാണികൾക്കു സംപൂർണ്ണമായിട്ടുള്ളതല്ലെന്നു തോന്നുന്നുണ്ടെങ്കിൽക്കൂടി അതു് സാരമില്ല. അല്ലെങ്കിൽ സമുദായാചാരത്തിന്നും നടവടിക്കും കീഴടങ്ങാതെ അവനവന്റെ മുറയെന്ന ബുദ്ധിയോടുകൂടി കർമ്മിക്കുവാൻ സാധിക്കുന്നവരും സ്വതന്ത്രരാണ്. എല്ലാ രാജ്യത്തും സമുദായാചാരങ്ങളും ധർമ്മബോധവും ഒരേമാതിരിയല്ല. അതിനാൽ സ്വാതന്ത്ര്യബോധവും അമേരിക്കക്കാരന്നും, ജർമ്മൻകാരന്നും, റഷ്യക്കാരന്നും, ഇന്ത്യക്കാരന്നും ഒരേതരത്തിലായിരിക്കയില്ല. ഹിററ്ലർ പറയുന്ന നുണ കേട്ടാൽ ആളുകൾ ഞെട്ടുന്നുണ്ടായിരിക്കാം. എന്നാൽ ആയാളുടെ നുണകളേക്കാൾ അധികം ഭയങ്കരമായിട്ടുള്ളതു് ജർമ്മൻകാർ ക്രമേണ വികസിപ്പിച്ചുകൊണ്ടുവന്നിട്ടുള്ള സ്വാതന്ത്ര്യബോധമാണ്.

ജനങ്ങൾക്കു ഭൌതികമായ ആനുകൂല്യങ്ങൾ വളരെ ഉണ്ടാക്കീട്ടുണ്ടെന്നാണ് നാസികളുടെ അഭിമാനം. ഈ ഭൌതികാനുകൂല്യങ്ങൾക്ക് ജനങ്ങൾ കൊടുക്കുന്ന വിലയെന്താണെന്ന് ഇനിയും അവർ മനസ്സിലാക്കീട്ടില്ല. നാസികൾ അഭിമാനകരമായി ഇങ്ങിനെ ഒരസംബന്ധം പറയുന്നതിന്നപുറമെ വേറൊരു ന്യായംകൂടി പറയാറുണ്ടു്. ജർമ്മൻ ജനതയുടെ സ്വാഭിമാനം ഹിററ്ലർ പുലർത്തിയത്രെ! എന്തുതന്നെയായാലും ജർമ്മൻകാരുടെ സ്വാതന്ത്ര്യബോധം ഇംഗ്ലീഷുകാർക്കു പററുന്നതല്ല. ഇതുപോലെത്തന്നെ റഷ്യക്കാരും ചൈനക്കാരും ഇന്ത്യക്കാരും ധരിച്ചിരിക്കുന്ന സ്വാതന്ത്ര്യബോധവും ഇംഗ്ലീഷുകാർക്കു പററിയതല്ല. അമേരിക്കക്കാരുടെയും ഇംഗ്ലീഷുകാരുടെയും സ്വാതന്ത്ര്യബോധത്തിന്ന് ഏറെക്കുറെ സാമ്യമുണ്ടു. എന്നാൽ ഈ രണ്ടു കൂട്ടരുടെയും സ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾക്കുതന്നെ വളരെ അന്തരവും ഉണ്ടെന്നു് പറയാതെ കഴികയില്ല.

ബ്രിട്ടീഷുകാർ കല്പനകൾ അനുസരിക്കാൻ ഏറെക്കുറെ മടിയുള്ളവർതന്നെയാണ്. എങ്കിലും ന്യായമാണെന്നു തോന്നുന്നപക്ഷം അവർ പിറുപിറുത്തിട്ടെങ്കിലും കല്പനകൾ ശരിയായി അനുസരിക്കുന്നു. അമേരിക്കക്കാരുടെ സ്വഭാവം നേരെ വിപരീതമാണ്. അവർക്കു കല്പനയനുസരിക്കാൻ തീരെ ഇഷ്ടമില്ല; കല്പനകൾ തെററിനടക്കുന്നവരെ അവർ ഉള്ളുകൊണ്ടു ഏറെക്കുറെ ബഹുമാനിക്കുകയും ചെയ്യുന്നു. ഈ സ്വഭാവം ബ്രിട്ടീഷുകാർക്കു തീരെ ഇല്ല. ഇംഗ്ലീഷുകാർ കച്ചവടക്കാരാണെന്നു് പറയപ്പെടുന്നതനുസരിച്ചു് തന്നെയാണ് അവരുടെ സ്വാതന്ത്ര്യബോധവും. നിയമംമുഖേന സമത്വം, ഏതു തരത്തിലുള്ള ഉദ്യമങ്ങളിലും അത്യുത്സാഹം, നേതൃത്വം ഇവയാണ് ബ്രിട്ടീഷുകാരന്റെ സ്വാതന്ത്ര്യബോധ ലക്ഷണങ്ങൾ.


ഒരു ഇംഗ്ലീഷുകാരന്റെ സ്വാതന്ത്ര്യബോധത്തിലുൾപ്പെടുത്താവുന്ന അവകാശപരമ്പരകളെക്കുറിച്ചു പ്രതിപാദിക്കുന്നതു് വളരെ ദീർഘിച്ച ഒരു വിഷയമായിരിക്കും. എന്നാൽ ഏററവും പ്രധാനമായവയെക്കുറിച്ചു പറയുന്നതായാൽ അവയിൽ ആദ്യമായി പറയേണ്ടതു ദേഹസ്വാതന്ത്ര്യത്തെക്കുറിച്ചാകുന്നു. നമ്മുടെ രാജ്യത്തു ഒരുത്തനെങ്കിലും ദേഹസ്വാതന്ത്ര്യം ഇല്ലാതെയാകാൻ പാടില്ല എന്നു് ലോകത്തിൽ ആദ്യമായി പറഞ്ഞതു് ഇംഗ്ലീഷുകാരാണ്. അടിമസംപ്രദായവും യൂറോപ്പിലുള്ള മററു രാജ്യങ്ങളിലേക്കാൾ മുമ്പുതന്നെ ഇല്ലാതായതു ഇംഗ്ലണ്ടിലാണ്. അതിന്നുശേഷം ഒരു ഇംഗ്ലീഷുകാരന്നു് മറെറാരു ഇംഗ്ലീഷുകാരനെ കൂലി കൊടുക്കാതെ പണി ചെയ്യിക്കാൻ തരമില്ലെന്നുള്ള സ്ഥിതിയായി. 1679 ലെ ഹെബയസ് കോർപ്പസ്സ് നിയമപ്രകാരം യാതൊരു സ്വതന്ത്രന്റെ നേരെയും ബലം പ്രയോഗിച്ചുപോകരുതെന്നും, അങ്ങിനെ പ്രയോഗിക്കുന്നതാണെങ്കിൽ നിയമാനുസൃതം മാത്രമാകേണമെന്നും ഉള്ള നിർദ്ദേശം സമുദായത്തിൽ സുസ്ഥാപിതമായി. 1777 ൽ മാൻസ് ഫീൽഡ് പ്രഭുവിന്റെ ഒരു ജഡ്ജ്മെൻറ് പ്രകാരം ഇംഗ്ലണ്ടിൽ അധിവാസം ചെയ്യാനിടവരുന്ന ഏതു രാജ്യക്കാരന്നും ദേഹസ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു. ഇതു കഴിഞ്ഞു അധികം താമസിയാതെ ബ്രിട്ടീഷു ചക്രവർത്തിയുടെ ഡൊമിനിയൻ രാജ്യങ്ങളിലുള്ള സർവ്വ ജനങ്ങൾക്കും നിയമം മുഖേന ഇത്തരത്തിലുള്ള രക്ഷ ലഭിക്കാറായി. മാത്രമല്ല, ഏതൊരു രാജ്യത്തു ഒരു എജമാനൻ മറെറാരുവനെ ഹിംസിക്കാനുള്ള ശക്തി അവകാശമായി കരുതിക്കൊണ്ടുവരുന്നുവോ, ആ രാജ്യം സ്വതന്ത്രയല്ലെന്നാണ് ഇംഗ്ലീഷുകാർ കരുതിവരുന്നതു്. ദേഹസ്വാതന്ത്ര്യം സ്വാതന്ത്ര്യബോധത്തിൽ ഏററവും അപ്രധാനമായ ഒരു സ്ഥാനമെ വഹിക്കുന്നുള്ളുവെന്നു് വന്നേക്കാം. അപ്രധാനമാണെങ്കിലും പൂർണ്ണ സ്വാതന്ത്ര്യ പദ്ധതിയിൽ അതു അത്യാവിശ്യമായിട്ടുള്ളതാണ്. ദേഹസ്വാതന്ത്ര്യത്തിൽ മറെറാരു പ്രധാന വിഷയം കൂടി ഉൾപ്പെടുന്നുണ്ടു്. അതാണ് സ്വകാര്യസ്വത്തിനെ സംബന്ധിച്ചുള്ള സ്വാതന്ത്ര്യം. ഒരുവന്നു് തന്റെ സ്വകാര്യ സ്വത്തു തന്റെ ഇഷ്ടംപോലെ ക്രയവിക്രയം ചെയ്യാനുള്ള അധികാരമുണ്ടെന്നാണ് ഇംഗ്ലീഷു മതം. അതിനെ അന്യായമായി ഒരുവന്നു് തട്ടിപ്പറിക്കുവാനോ, അതിന്മേൽ ഒരു നികുതി ചുമത്തുവാനോ ഉടമസ്ഥന്റെ അനുവാദം കൂടാതെ പാടുള്ളതല്ല. അതിനെ കളവിൽനിന്നും തട്ടിപ്പറിയിൽനിന്നും രക്ഷിക്കുവാനും നിയമത്തിന്നു ചുമതലയുണ്ടു്. ഇംഗ്ലീഷുകാർ സ്വാഭാവികമായി സ്വത്തിന്നു് വലിയ മോഹികളാണെന്നു് ആരും കരുതേണ്ടാ; പക്ഷെ താന്താങ്ങളുടെ സ്വകാര്യ സ്വത്തുക്കൾ ന്യായമായ ഒരു നിയമത്തിന്റെ പരിധിക്കുള്ളിൽ രക്ഷിച്ചുകൊണ്ടുള്ള ജീവിതരീതി അധിക കാലം നടത്തിട്ടുള്ള പരിചയം ഇംഗ്ലീഷുകാർക്കുണ്ടെന്നുള്ളതാണ് അവരുടെ മെച്ചം.

## ഫിൻലാണ്ട്

തടാകങ്ങളാലും ദ്വീപുകളാലും ഉണ്ടാക്കപ്പെട്ട ഒരു പ്രകൃതിസുന്ദരമായ രാജ്യമാണ് ഫിൻലാണ്ട്. തടാകങ്ങൾ 40,000 വും ദ്വീപുകൾ 30,000 വും ഉണ്ടെന്നാണ് കണക്ക്. അതിനിബിഡവും അളവററതുമായ കാടുകളിലെ പ്രധാന മരങ്ങൾ ഫർ, പൈൻ എന്നിവയാണ്. ഫിൻലാണ്ടിന്റെ അപാരമായ പ്രകൃതിമോഹനതയ്ക്കു ഒരു സുകുമാരാകുലതയാണ് പ്രകാശിച്ചുകാണുന്നതു്. ഒരുപക്ഷെ ഫിൻലാണ്ടിന്റെ സന്താനങ്ങളിലും ഈ പ്രകൃതിവിശേഷം തന്നെയാണ് കാണുക.

ഫിൻലാണ്ടിന്റെ ഏററവും വലിയ തടാകമായ സൈമ മരക്കച്ചവടംകൊണ്ടഭിവൃദ്ധിപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമാകുന്നു. ഈ തടാകത്തിൽനിന്നു സമുദ്രത്തിലേക്കുള്ള ഏററവും കൗതുകമാർഗ്ഗമായ ഒരു തോടു സമുദ്രത്തിൽ ചേരുന്നേടത്താണ് വിബോർഗ് നഗരിസ്ഥിതി ചെയ്യുന്നതു്. വിബോർഗ് നഗരി പുതിയതും പഴയതുമായ പരിഷ്കാരങ്ങൾ കൂട്ടിയിണക്കിയ ഒരു പട്ടണമാകുന്നു. പഴയ വിബോർഗ് നഗരിയിൽനിന്ന് വ്യത്യസ്തപ്പെട്ടു നിലനിന്നുപോരുന്ന പരിഷ്കൃതങ്ങളായ വ്യവസായിക പ്രാന്തങ്ങളാണ് വിബോർഗ് നഗരിയിൽ വിദേശിയർക്കു കാണ്മാനും സുഖിക്കാനുമുള്ള പ്രദേശങ്ങൾ.

# സ്ത്രീകളും കടൽപടയും



ബോംബായിൽ റോയൽ ഇന്ത്യൻ നേവിയിലേക്ക്
സ്ത്രീകൾക്കും പരിശീലനം ലഭിക്കുന്നു



ഡബ്ലിയു. എ. സി. യിലെ കടൽസൈന്യ സെക്ക്ഷൻ
ഉദ്യോഗസ്ഥന്മാർ



ചീഫ് പെററി ഓഫീസർ ശ്രീഹരി മദിരാശിക്കാരിയാണ്



ഓഫീസർ പരിശീലനം കഴിഞ്ഞ രണ്ടു വനിതകൾ

# യുദ്ധവും സാഹിത്യവും

(മുഞ്ഞനാട്ടു് എ. എം. കൃഷ്ണപ്പണിക്കർ, കോട്ടയം)

ഇന്നത്തെ വിശ്വസാഹിത്യത്തിന്റെ ഒരു വലിയ പങ്കു്, സമരത്തിന്റെ പശ്ചാത്തലത്തിൽ സമരോൽസുകത സംജാതമാക്കുന്ന വിഷയത്തിൽ തീവ്രയത്നം ചെയ്തുകൊണ്ടു് പ്രകാശിതമായിക്കാണുന്നു. സാഹിത്യകാരന്മാരുടെ സ്വാതന്ത്ര്യചിന്തനം ഇന്നത്തെ സാഹചര്യങ്ങളിൽ അനുവദിക്കാതെ തരമില്ല. യുദ്ധത്തിന്റെ ധാർമ്മികത്വത്തെ ചോദ്യം ചെയ്യുന്നതോ, വെല്ലുവിളിക്കുന്നതോ ആയ ഒരു സാഹിത്യഗ്രന്ഥത്തിനു് സൂര്യപ്രകാശം കാണുവാനുള്ള അവകാശം അതതു ഭരണകൂടങ്ങൾ അനുവദിക്കുമെന്നും തോന്നുന്നില്ല. തനി ദേശീയതയിൽ വാർത്തെടുത്തവ ഒരുകൂട്ടം, ഹിംസാബുദ്ധിയെ പ്രബുദ്ധമാക്കുന്നവ മററൊരു കൂട്ടം, സംഹാരകത്വത്തിന്റെ മനോഹാരിതയെ വാനോളം വാഴ്ത്തി പാടുന്നവ വേറൊന്നു്. എന്തിനേറെ, സാഹിത്യം രാഷ്ട്രത്തിന്റെയും രാഷ്ട്രീയബോധത്തിന്റെയും ആവശ്യാനുസാരം താളം പിടിക്കുന്ന ഒരു കാലമാണിതു്.

പാശ്ചാത്യ സാഹിത്യകൃതികളിലെ ഇന്നത്തെ നായകന്മാർ പടയാളികളും പടത്തലവന്മാരുമാണു്. അവരുടെ മേന്മ, ശത്രുനിർമ്മാർജ്ജനത്തിൽ അവർ പ്രകടിപ്പിച്ച വീരത്വവും കർമ്മകുശലതയുമാണു്. വിമാനപ്പോരുകളും, വ്യവസായശാലകളിലെ തൊഴിൽ ബഹളവും, പർവ്വതപ്രാന്തങ്ങളിലെ ഒളിപ്പോരും, ഈജിപ്തു് മണലാരണ്യത്തിലെ ക്ലേശജീവിതവും സാഹിത്യകാരന്മാരുടെ ഭാവനയ്ക്കു വിഷയമാകുന്നു. ചുരുക്കത്തിൽ സാഹിത്യം, വീരകർമ്മപ്രധാനമായും വികാരപ്രധാനമായും ഒരു പരിമിതപരിധിയിൽ വട്ടം കറങ്ങുന്നു. റഷ്യയിൽ സാഹിത്യമെന്നുമാത്രമല്ല, സകല സുന്ദരകലകളും യുദ്ധത്തിന്റെ ആവശ്യകതയെ നിറവേററുകയത്രേ ചെയ്യുന്നതു്. സംഗീതജ്ഞന്റെ ശബ്ദം, ചിത്രകാരന്റെ ചായം, സാഹിത്യകാരന്റെ തൂവൽ, ശില്പകാരന്റെ ഉപകരണം ഇവയെല്ലാം ശത്രുവിനെ തുരത്തുന്നതിൽ കരുത്തുള്ളവയാക്കി തീർക്കുകയത്രെ റഷ്യൻ മനോഭാവം. ജർമ്മൻ സാഹിത്യമാണെങ്കിൽ, വർഗ്ഗമേന്മയേയും രക്തച്ചൊരിച്ചലിനേയും പ്രഘോഷിപ്പിക്കുന്നവയും ഇതരജനവിഭാഗങ്ങളെ ഭർത്സിക്കുന്നവയും ആയി രൂപാന്തരപ്പെട്ടിട്ടു കാലം കുറേ ആയി.

ഇങ്ങിനെ പാശ്ചാത്യസാഹിത്യകലയിൽ വന്നിരിക്കുന്ന പരിവർത്തനം നമ്മുടെ സാഹിത്യങ്ങളിൽ വിശേഷിച്ചു് മലയാളസാഹിത്യത്തിൽ അല്പമായിട്ടുമാത്രമെ അതിന്റെ പ്രത്യാഘാതം വെളിപ്പെടുത്തിയിട്ടുള്ളു എന്നു് പറയേണ്ടിയിരിക്കുന്നു. എന്നാൽ കേരളീയർ വീരകർമ്മപ്രധാനമായ യുദ്ധത്തിൽ പ്രശസ്തിപെററവരാണല്ലോ. അവരുടെ പിറകിൽ ഒരു വലിയ സമരസാഹിത്യംതന്നെയുണ്ടു്. വടക്കൻ പാട്ടുകൾ അവരുടെ ധൈര്യത്തേയും മററും വെളിപ്പെടുത്തുന്നവയാണു്. പരമഭക്തനായ എഴുത്തച്ഛൻതന്നെയും യുദ്ധവർണ്ണനയിലും അതിന്റെ പ്രതീതി ജനിപ്പിക്കുന്നതിലും അതീവസമർത്ഥനാണു്. പക്ഷെ ആധുനികസമരസാഹിത്യം അതിന്റെ ശരിയായ രീതിയിൽ ഭാഷയിൽ പ്രചരിച്ചുകാണുന്നില്ല. ഇതിനു കാരണങ്ങൾ പലതാണു്. പാശ്ചാത്യരാജ്യങ്ങളിൽ മിക്ക പ്രമുഖസാഹിത്യകാരന്മാരും യുദ്ധനിർവ്വഹണത്തിൽ ഒരുതരത്തിലല്ലെങ്കിൽ മററൊരു തരത്തിൽ സാരമായ ഭാഗം നേരിട്ടു വഹിച്ചു് അനുഭവജ്ഞാനം സമ്പാദിക്കുന്നവരത്രെ. ഇവിടെയാണെങ്കിൽ ഉദരവ്യഗ്രതയുടെ അധിപ്രസരംനിമിത്തം രണ്ടോ നാലോ പേർ മാത്രമാണു് പട്ടാളവുമായി ഒട്ടിച്ചേർന്നിട്ടുള്ളതു്. യുദ്ധവും നാമുമായുള്ള അകൽച്ച, യുദ്ധത്തിൽ ധാർമ്മികവശത്തെപ്പററിയുള്ള നമ്മുടെ ചിന്താഗതി ഇതെല്ലാം മലയാളസമരസാഹിത്യത്തിന്റെ ശോഷിപ്പിനു് നിദാനമായും ഉള്ളവയുടെതന്നെ പ്രചാരത്തിനു് ബാധകമായും തീർന്നുപോയിരിക്കുന്നു. അന്തർവാഹിനിയിലെ ഒരു കപ്പിത്താനെ നായകനാക്കി ഒരു സ്വതന്ത്ര ചെറുകഥ രചിക്കാൻ വൈഭവമുള്ള കഥികന്മാർ നമ്മുടെ ഇടയിൽ എത്ര പേരുണ്ടു്? ഒരു വൈമാനികന്റെ അനുഭവങ്ങളെ ആധാരമാക്കി, ഒരു നോവലെഴുതുവാൻ വിരുതുള്ളവർ നമ്മുടെ ഇടയിൽ വളരെ ചുരുങ്ങും. ആകയാൽ അങ്ങുമിങ്ങുംനിന്നു് ചില തർജ്ജമകൾകൊണ്ടു് നാം തൃപ്തിപ്പെടേണ്ടതായി വരും. അത്തരം തർജ്ജമകൾക്കു് ആധുനികസമരസാഹചര്യങ്ങളെപ്പററി വലിയ തുമ്പൊന്നും ഇല്ലാത്ത മലയാളികളുടേ ഇടയിൽ പ്രചാരം ലഭിക്കാനും വിഷമമാണു്. എങ്കിലും മലയാളസാഹിത്യത്തിന്റെ വികാസത്തിനു് ഉത്തമങ്ങളായ സമരസാഹിത്യകൃതികൾ എഴുതുകയും തർജ്ജമചെയ്തു് പ്രസിദ്ധപ്പെടുത്തുകയും അത്യാവശ്യമാണെന്നു് പറയാതെ തരമില്ല.

(ടാഗോർ മാസികയിൽ നിന്നു്)



കോഹിമ യുദ്ധം : കോഹിമ നഗരി ജാപ്പ് സൈന്യങ്ങൾ വളഞ്ഞപ്പോൾ, ബ്രിട്ടീഷ് സൈന്യം പല ധീരകൃത്യങ്ങളും അവിടെവെച്ചു് നടത്തുകയുണ്ടായി. ബ്രിട്ടീഷ് സൈന്യത്തിൽപെട്ട ഇംഗ്ലീഷുകാരും ഇന്ത്യക്കാരും കോഹിമയെ സധൈര്യം രക്ഷിച്ചതിനു അവർ നമ്മുടെ പ്രശംസക്കു് അർഹന്മാരാണു്. മുറിയേററവരെ എടുത്തുകൊണ്ടുപോകുന്നു.

# ജാപ്പാൻ യുദ്ധം

തുള്ളൽ

(ബാലൻ)

ദശവും നവവും ചേർന്നൊരു നാഴിക
തന്നിൽ നടന്നൊരു കള്ളൻ പോരിനെ
ഒന്നൊഴിയാതങ്ങുര ചെയ്തീടാം
സോദരരെല്ലാം കേട്ടു രസിപ്പിൻ.

2 മാർച്ച്മാസം പതിനേഴാം തീയതി
പുലരാൻ നാഴിക ഏഴുള്ളപ്പോൾ
വനമദ്ധ്യത്തിൽ വസിക്കും ശത്രു-
പ്പടയുടെയായുധ ശബ്ദം കേട്ടു.

3 ഇടിവെട്ടീടും പോലുള്ളോരോ
വെടിയുണ്ടകളും പാഞ്ഞുതുടങ്ങി.
എൽ. എം. ജി. കളും മോട്ടോർ ഗണ്ണും
ആന്റി ടാങ്കുകൾ, ബ്രെൻ ഗണ്ണുകളും.

4 ഇങ്ങനെ പലപല യന്ത്രത്തോക്കുകൾ
കൊണ്ടുള്ളോരോ ശബ്ദം മൂലം
കാട്ടുമൃഗങ്ങൾ മാളം വിട്ടി
ട്ടതിവേഗത്തിൽ ഓട്ടമതായി.

5 മദ്രാസ് സാപ്പേർസ് മൈനേർസ് തങ്ങടെ-
ഫിക്സ് ബയനററുകളോടും കൂടി
കള്ളപ്പടയുടെ മദ്ധ്യേ ചെന്നി
ട്ടനവധിപേരെക്കുത്തിക്കൊന്നു.

6 വെടി കൊണ്ടിട്ടും, വെട്ടേററിട്ടും,
പടവെട്ടീട്ടും, ബയനറേററും,
ചാലേ രുധിരത്താലും പാതി
മരിക്കാറായിട്ടുള്ളവരാലും

7 കാലുകൾ പോയ നരന്മാരാലും
കണ്ണുകൾ പൊട്ടിയ മാനുഷരാലും
ചത്തു കിടക്കുന്നാളുകളാലും
പടനിലമെല്ലാമങ്ങു നിറഞ്ഞു.

8 ഘോരമതായൊരു പടയുടെ മദ്ധ്യേ-
ശേഷിച്ചവരേ രക്ഷിപ്പാനായ്-
കപ്പിത്താൻ ബത കല്പന നൽകി
"ധൈര്യസമേതം പിന്മാറീടുവിൻ"

9 കല്പന കിട്ടിയ താമസമപ്പോൾ
സർവ്വവുമുടനെ കാട്ടിലെറിഞ്ഞ്
ജീവനെ രക്ഷിപ്പാനുള്ളൊരു വഴി
മാത്രം ചിന്തിച്ചങ്ങു ഗമിച്ചു.

10 ബന്ധുജനങ്ങടെ പത്രം വിട്ടും
പലവിധ പ്രണയക്കത്തുകൾ വിട്ടും
പെട്ടികൾ, വാച്ചുകളെന്നു തുടങ്ങി
സ്സമ്പാദിച്ചവയെല്ലാം വിട്ടും.

11 മേജർമാരും, ക്യാപ്റ്റന്മാരും,
സുബദാർ, ജമദാർ, ഹവിൽദാർമാരും,
ക്ലാർക്കുകളും പല നായിക്കുകളും,
മൈനേർസും ചില സാപ്പർമാരും

12 വെള്ളക്കാരും, പഞ്ചാബികളും,
മദ്രാസികളും, ഗൂർക്കക്കാരും,
ജീവനിലുള്ളൊരു കൊതിയതുമൂലം
കാടും മലകളുമേറി നടന്നു.

13 വഴിമദ്ധ്യത്തിൽ സഹിച്ചൊരു കഷ്ടത
യാരോടുര ചെയ്യേണ്ടു ഞാനും
സ്ഥൂലശരീരികളായുള്ളവരുടെ
തുടയുരസീട്ടു നടക്കാൻ വഹിയാ

14 ദാഹിച്ചു ജലം കിട്ടാഞ്ഞിട്ടും,
ആഹാരാദികളില്ലാഞ്ഞിട്ടും
ആളുകളനവധി ആലസ്യത്താൽ
വഴിമദ്ധ്യത്തിൽ ചാഞ്ഞുതുടങ്ങി.

15 ഇങ്ങനെയനവധി നാഴിക ഞങ്ങൾ
ഭക്ഷണമില്ലാതങ്ങു നടക്കേ-
അവസാനം പുനരെത്തിച്ചേർന്നു
മണിപ്പൂരിയാകിയ നമ്മുടെ രാജ്യേ.

16 "അമ്മേ! ശ്രീപരമേശ്വരി!" നിന്നുടെ
സൽകൃപയുണ്ടായീടിന മൂലം
ഘോരമതായൊരു കള്ളൻപടയെ
"ബാലൻ" ഞാനിന്നെഴുതാറായി.

- ശുഭം -

V

എസ്. എസ്. എസ്

നിങ്ങൾ ഇന്ത്യയുടെ ഒരുത്തമ സന്താനമാണോ?

ആണെന്ന് തെളിയിക്കിൻ.

ദേശീയ സമ്പാദ്യപത്രം വാങ്ങുവിൻ

V

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.